"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് 6 ആഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. സുരേഷ്.സി.പി യുടെ ചികിത്സയ്ക്ക് ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2170/2025/LSGD തീയതി,തിരുവനന്തപുരം, 03-09-2025

---

പരാമർശം:- 1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P) No.144/2013/H&FWD
3. ശ്രീ. സുരേഷ്.സി.പി യുടെ 20.06.2022-ലെ അപേക്ഷയും ബില്ലുകളും.
4. ജില്ലാ മെഡിക്കൽ ഓഫീസറുടെ 05.12.2022-ലെ C5/14714/2022/ നം. കത്ത്.
5. പഞ്ചായത്ത് ഡയറക്ടറുടെ 28.12.2022- ലെ No.PAN/19719/ 2O22 -F2(DP) നമ്പർ കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.11.2024 ലെ LSGD/PD/6934/2023-DEG2 നമ്പർ കത്ത്

ഉത്തരവ്

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. സുരേഷ്.സി.പി. പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് 6 ഓഫീസിലെ സീനിയർ ക്ലാർക്കായിരിക്കെ ടിയാന്റെ ചികിത്സയ്ക്ക് ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ പെരിന്തൽമണ്ണ-യിൽ ചെലവായ 55,824/- രൂപ പ്രതിപൂരണം ചെയ്ത നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (4) -ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 33,843/-രൂപ (മുപ്പത്തിമൂവായിരത്തി എണ്ണൂറ്റി നാൽപ്പത്തിമൂന്ന് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് 6 ആഫീസിലെ സീനിയർ ക്ലാർക്ക് ആയിരുന്ന ശ്രീ. സുരേഷ്.സി.പി-യുടെ ചികിത്സയ്ക്കായി 26.04.2022 മുതൽ 29.04.2022 വരെ ഇ.എം.എസ് മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്ററിലെ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ചിട്ടുള്ള 33,843/- രൂപയുടെ 80% ആയ 27,074/- രൂപ (ഇരുപത്തി ഏഴായിരത്തി എഴുപത്തി നാല് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയും, ടിയാൻ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും പ്രതിപൂരണം ചെയ്ത നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ശ്രീ. സുരേഷ്.സി.പി , പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത്, മലപ്പുറം.( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/13/2023-LSGD ).

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 03-09-2025 11:38:41